നെടുവ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ നടപടി

145 [1723] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നെടുവ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ രോഗികളുടെ എണ്ണത്തിന് അനുസൃതമായി ജീവനക്കാരില്ലാത്തത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫർണീച്ചറും ആവശ്യമായ ഡോക്ടർമാരും ഇല്ലാത്തതിനാൽ കുട്ടികൾക്കായി നിർമ്മിച്ച ബ്ലോക്ക് തുറന്ന് പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ബ്ലോക്കിനാവശ്യമായ ഫർണീച്ചറുകൾ നൽകാനും ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുവ സി.എച്ച്.സി.-യിൽ ശരാശരി 500-ൽ അധികം രോഗികൾ നിത്യേന ചികിത്സക്കായി എത്തുന്നുണ്ട്. 36 ബെഡ്ഡുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. എങ്കിലും രോഗികളുടെ ബാഹുല്യം നിമിത്തം അതിലധികം രോഗികളെ അഡ്മിറ്റ് ചെയ്യേണ്ടതായി വരുന്നുണ്ട്. ഇത് ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. അതിനാൽ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിഗണനയിലാണ്.

(ബി, സി) ഈ സ്ഥാപനത്തിൽ ഒരു പീഡിയാട്രീഷ്യൻ ജോലി ചെയ്യുന്നുണ്ട്. അതിനാൽ മറ്റ് ഭൗതിക സൗകര്യങ്ങളും ആവശ്യമായ മറ്റ് ജീവനക്കാരേയും നിയമിച്ചാൽ കുട്ടികളുടെ ബ്ലോക്ക് പ്രവർത്തന ക്ഷമമാക്കാൻ കഴിയും. ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ഗൈനക്കോളജിസ്റ്റിനെ നിയമിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ആവശ്യമായ മറ്റു ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ആരോഗ്യവകുപ്പ് ഡയറക്ടർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly